**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് കേരള ട്രൈബൽ പ്ലസ് എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്; എത്രത്തോളം അധിക തൊഴിൽ ഈ പദ്ധതിയിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ കേരളത്തിലെ നിരവധി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 തൊഴിൽ ദിനങ്ങൾവരെ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2021 ൽ 101 നും 150 ദിവസത്തിനുമിടയിൽ 20041 ഉം 151 നും 175 ദിവസത്തിനുമിടയിൽ 4121 ഉം 176 നും 200 ദിവസത്തിനുമിടയിൽ 5247 കുടുംബങ്ങൾക്കും അധിക തൊഴിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനായി ആരംഭിച്ച ഗോത്ര ജീവിക പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. ഗോത്രജീവിക പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 1170 യുവതീ യുവാക്കൾക്ക് നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് മേസണറി, മരപ്പണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, ഡ്രൈവിംഗ് എന്നീ മേഖലകളിലും വനിതകൾക്കായി വസ്ത്ര നിർമ്മാണം എന്നിവയിലും പരിശീലനം നൽകിയിരുന്നു. പ്രായോഗിക പരിശീലനം പൂർത്തീകരിച്ചവരെ വിവിധ ജില്ലകളിലായി ഉൾപ്പെടുത്തി 57 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പരിശീലനം നേടിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ പണിയായുധങ്ങളും, ഉപകരണങ്ങളും വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പരിശീലനാർത്ഥികളെ തെരഞ്ഞെടുത്ത ചില സ്ഥലങ്ങളിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ പരിശീലനം പൂർണ്ണ തോതിൽ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.<br>ഈ പദ്ധതി CMD എന്ന സ്ഥാപനം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ |

| | | | |
|---|---|---|---|
| | | | ഡെവലപ്പ്മെന്റ് ഓഫീസർമാരുമായും CMD യുമായി ചേർന്ന് നിശ്ചിത ഇടവേളകളിൽ ഗോത്രജീവിക പദ്ധതി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ